**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5086** **20-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ ഗൺ ലൈസൻസിനായുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കാർഷികാവശ്യത്തിനുള്ള ഗൺ ലൈസൻസ് ലഭിച്ചവരുടെ ലൈസൻസുകളിൽ എത്രയെണ്ണം പുതുക്കി നൽകാതെ നിരസിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | 2019നു ശേഷം കാസർഗോഡ് ജില്ലയിൽ 54 ലൈസൻസുകൾ പുതുക്കി നൽകാതെ നിരസിച്ചിട്ടുണ്ട്. |
| (ബി) | ഗൺ ലൈസൻസ് നിരസിക്കപ്പെട്ടവരുടെ എത്ര അപ്പീൽ പെറ്റീഷനുകൾ റവന്യൂ കമ്മീഷണറേറ്റിൽ കെട്ടികിടപ്പുണ്ട്; വ്യക്തമാക്കാമോ; | (ബി) | റവന്യൂ കമ്മീഷണറേറ്റിൽ കാസർഗോഡ് ജില്ലയിലെ ഗൺലൈസൻസ് നിരസിക്കപ്പെട്ടവരുടെ 39 അപ്പീൽ പെറ്റീഷനുകൾ പെന്റിംഗ് ഉണ്ട്. |
| (സി) | വന്യ മൃഗങ്ങളുടെ ശല്യം കൂടിവരികയും ഇവയെ കൊല്ലാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകുകയും ചെയ്ത സാഹചര്യത്തിൽ റവന്യൂ കമ്മീഷണറേറ്റിൽ കെട്ടികിടക്കുന്ന കാസർഗോഡ് ജില്ലയിലെ ഗൺ ലൈസൻസിനായുള്ള അപ്പീൽ പെറ്റീഷനുകൾ എത്രയും വേഗം തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (സി) | റവന്യൂ കമ്മീഷണറേറ്റിൽ കാസർഗോഡ് ജില്ലയിലെ ഗൺലൈസൻസിനായുള്ള അപ്പീൽ പെറ്റീഷനുകളിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വിചാരണ തീയതി നിശ്ചയിച്ച് വിചാരണ നടത്തി കക്ഷിയുടെയും എതിർ കക്ഷികളുടെയും വാദങ്ങളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് നിയമാനുസൃതമായ തീർപ്പ കൽപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ